## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962** **29-07-2021 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി ചാർജിൽ ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ വ്യാപാര പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതു മൂലം വരുമാനം നഷ്ടപ്പെട്ട് കടക്കെണിയിലായിരിക്കുന്ന വ്യാപാരികൾക്ക് വൈദ്യുതി ചാർജ് അടയ്ക്കേണ്ടി വരുന്നത് സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (എ) | കോവിഡ് മഹാമാരി സംസ്ഥാനത്തെ വ്യാപാര മേഖലയിൽ ആഘാതം സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കിലാണ് എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനം തടയുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിക്കിടയാക്കിയിട്ടുള്ള ഒട്ടനവധി കാരണങ്ങളുണ്ട്. എന്നാൽ വൈദ്യുതി ചാർജ് മൂലമുള്ള സാമ്പത്തികാഘാതം കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ ഇളവുകൾ നൽകിയിട്ടുണ്ട്. |
| (ബി) | കെട്ടിട വാടക,ലോൺ തിരിച്ചടവ്, മൂലധന വായ്പ തിരിച്ചടവ് തുടങ്ങിയവക്കൊന്നും ഇളവ് ലഭിക്കാത്ത സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വ്യാപാരികൾക്ക് വൈദ്യുതി ഫിക്സഡ് ചാർജ്, മീറ്റർ വാടക തുടങ്ങിയ ഇനങ്ങളിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും കോവിഡ് മഹാമാരി മൂലം, വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും (ഉപഭോഗത്തിലുള്ള ഗണ്യമായ കുറവ്, വൈദ്യുതി ചാർജ് അടക്കുന്നതിനുള്ള വിമുഖത, ഷെഡ്യൂൾ ചെയ്യാത്ത വൈദ്യുതിക്ക് കൊടുക്കേണ്ടി വരുന്ന ഫിക്സഡ് ചാർജ് എന്നിവമൂലം) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകളും, കെ.എസ്.ഇ.ബി ലിമിറ്റഡ് സ്വന്തം നിലക്ക് നൽകിയിട്ടുള്ള ഇളവുകളും, വ്യാപാര സമൂഹം ഉൾപ്പെടെ സംസ്ഥാനത്തെ ഒട്ടുമിക്ക ഉപഭോക്താക്കൾക്കും നൽകിയിട്ടുണ്ട്.<br>വിശദാംശങ്ങൾ താഴെ കൊടുക്കുന്നു: 1. 01.06.2020-ലെ സർക്കാർ ഉത്തരവുപ്രകാരം, വാണിജ്യ/ വ്യാവസായിക ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും അവരുടെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ (2020 മാർച്ച്, ഏപ്രിൽ, മേയ്) 25% ഇളവും, ബാക്കിയുള്ള ഫിക്സഡ്/ഡിമാന്റ് ചാർജ്ജ് (75%) അടക്കുന്നതിന് 15.12.2020-വരെ പലിശ രഹിതമായി അടക്കുന്നതിന് സാവകാശം നൽകിയിരുന്നു. 2. തുടർന്ന്, 28.06.2021-ലെ |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് പ്രകാരം മേയ് 2021-ലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 25% ഇളവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി മാസത്തെ ബാക്കിയുള്ള കറന്റ് ചാർജ് അടക്കുന്നതിന് (പലിശ രഹിതമായി) മൂന്ന് തവണകളോടെ 30.09.2021 വരെ അടയ്ക്കാനുള്ള സാവകാശവും നൽകിയിട്ടുണ്ട്. 3. കൂടാതെ ഓൺലൈൻ വഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുകയും (31.07.2021-വരെ) ക്യാഷ് ബാക്ക് സൗകര്യം എന്നിവ ഏർപ്പെടുത്തുകയും (31.12.2020 വരെ) 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ബില്ലുകൾ 31.05.2020 വരെ പലിശ രഹിതമായി അടക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു. കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും, പ്രസരണ യൂട്ടിലിറ്റികളിൽ നിന്നും, ലഭ്യമായ റിബേറ്റുകളെക്കാൾ അധികമായി, ഇളവുകൾ സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും നൽകിയിട്ടുണ്ട്. ടി ഇനത്തിൽ, വാണിജ്യ/ വ്യാവസായിക ഉപഭോക്താക്കൾക്ക് നൽകിയ ഇളവുകൾ മാത്രം കണക്കിലെടുത്താൽ തന്നെ ഏകദേശം 50 കോടിയോളം രൂപ, നികത്തി തരേണ്ടതായുണ്ട്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും ഇളവുകൾ നൽകിയ സംസ്ഥാനം കേരളമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മീറ്റർ വാടക ഇനത്തിൽ, പ്രതിമാസം തുലോം തുച്ഛമായ തുക (സിംഗിൾ ഫേസ് – 6 രൂപ, ത്രീ ഫേസ് – 15 രൂപ, ത്രീ ഫേസ് (സി.റ്റി) – 30 രൂപ) മാത്രം ഈടാക്കുന്ന സാഹചര്യത്തിൽ, ഇളവുകൾ നൽകുന്ന കാര്യത്തിൽ തീരുമാനങ്ങൾ ഒന്നും തന്നെ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ